"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-തൃശ്ശൂർ ഡിവിഷന് കീഴിലെ വടക്കാഞ്ചേരി റേഞ്ചിൽ സീനിയർ ഫോറസ്റ്റ് ഡ്രൈവറായി സേവനത്തിലിരിക്കെ മരണപ്പെട്ട നന്ദകുമാർ.എ.എസ്-ന്റെ മകൻ ശ്രീ. ഉണ്ണികൃഷ്ണൻ.എ യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ്പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.21/2023/F&WLD തീയതി,തിരുവനന്തപുരം, 26-08-2023.

---

പരാമർശം:-

1. സ.ഉ. (പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീ. ഉണ്ണികൃഷ്ണൻ.എ.എൻ, അമ്പലപ്പറമ്പിൽ, ഇരുനിലം കോട്, മുള്ളൂർക്കര, തൃശ്ശൂർ-680583 സമർപ്പിച്ച 30.12.2022 ലെ അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 04.03.2023 ലെ ഇ6/850/2023 നമ്പർ കത്തും അനുബന്ധരേഖകളും.
4. തൃശ്ശൂർ ജില്ലാ കളക്ടറുടെ 05.08.2023 ലെ എ6-3131/2023 നമ്പർ കത്തും അനുബന്ധരേഖകളും.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ തൃശ്ശൂർ ഡിവിഷനു കീഴിലെ വടക്കാഞ്ചേരി റേഞ്ചിൽ സീനിയർ ഫോറസ്റ്റ് ഡ്രൈവറായി സേവനത്തിലിരിക്കെ 09.09.2022 ന് മരണപ്പെട്ട നന്ദകുമാർ.എ.എസ്-ന്റെ മകൻ ശ്രീ. ഉണ്ണികൃഷ്ണൻ.എ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം തൃശ്ശൂർ ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. മുകുന്ദപുരം തഹസിൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികൾ, ഭാര്യ ശ്രീമതി.നിവിത, മകൻ ശ്രീ. ഉണ്ണികൃഷ്ണൻ, മകൾ നവ്യകൃഷ്ണ, മാതാവ് ശ്രീമതി.രാധ എന്നിവരാണ്. മറ്റ് അവകാശികൾ അപേക്ഷകന് ആശ്രിത നിയമനം നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനത്തീയതി 28.10.2002 ആണ്. ടിയാന് 20 വയസ്സ് പൂർത്തിയായിട്ടുള്ളതും പ്ലസ് ടു പരീക്ഷ പാസ്സായിട്ടുള്ളതുമാണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 2,58,726/- രൂപയാണ്.

3. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ തൃശ്ശൂർ ഡിവിഷനു കീഴിലെ വടക്കാഞ്ചേരി റേഞ്ചിൽ സീനിയർ ഫോറസ്റ്റ് ഡ്രൈവറായി സേവനത്തിലിരിക്കെ 09.09.2022 ന് മരണപ്പെട്ട നന്ദകുമാർ.എ.എസ്-ന്റെ മകൻ ശ്രീ. ഉണ്ണികൃഷ്ണൻ.എ യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, സീനിയോറിറ്റി സംബന്ധിച്ച ചട്ടങ്ങൾക്കും വിധേയമായി, തൃശ്ശൂർ ജില്ലയിൽ വനം വന്യജീവി വകുപ്പിൽ, 26500-60700/- രൂപ ശമ്പള സ്കെയിലിൽ, ക്ലർക്ക് തസ്തികയിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്.

5. ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകൻ ഏതെങ്കിലും വസ്തുതകൾ മനഃപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ജില്ലാ കളക്ടർ, തൃശ്ശൂർ.
ശ്രീ. ഉണ്ണികൃഷ്ണൻ.എ.എൻ, അമ്പലപ്പറമ്പിൽ, ഇരുനിലം കോട്, മുള്ളൂർക്കര, തൃശ്ശൂർ-68058. (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 26-08-2023 16:21:01
സെക്ഷൻ ഓഫീസർ.